**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളെ മികവുറ്റതാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ആഗോളതലത്തിൽ അടയാളപ്പെടുത്തുന്ന മികച്ച സഹകരണ സംഘങ്ങളായി കേരളത്തിലെ സഹകരണ സംഘങ്ങളെ വളർത്തിക്കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിയ്ക്കായി സഹകരണ മേഖല വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു. സഹകരണ പ്രസ്ഥാനം ജനജീവിതത്തെ വളരെയേറേ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിന്റെ തൊഴിൽ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിൽ, സുരക്ഷ ഒരുക്കുന്നതിൽ നിർണ്ണായക പങ്കാണ് സഹകരണ പ്രസ്ഥാനം നിർവ്വഹിച്ച് കൊണ്ടിരിക്കുന്നത്. ആഗോള തലത്തിൽ അടയാളപ്പെടുത്താവുന്ന നിലയിലേക്ക് സഹകരണ സ്ഥാപനങ്ങൾക്ക് വളരാനുള്ള എല്ലാ സാഹചര്യവും ഇന്ന് കേരളത്തിലുണ്ട്. ആയതിന് ഉദാഹരണങ്ങളാണ് കേരള ബാങ്ക്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, എൻ.എസ് ഹോസ്പിറ്റൽ സഹകരണ സംഘം എന്നിവ. അന്തർദേശീയ സഹകരണ സഖ്യം പ്രഖ്യാപിക്കുന്ന ലോകത്തെ ഏറ്റവും മികച്ച 300 സഹകരണ സംഘങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുന്ന, world co-operative monitor 2025 ൽ സ്ഥാനം പിടിച്ച 2 സഹകരണ സംഘങ്ങളാണ് കേരള ബാങ്കും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘവും. ICA, Asia-Pacific ലെ മികച്ച സംഘങ്ങൾക്കുള്ള എന്റർപ്രൈസിംഗ് കോ-ഓപ്പറേറ്റീവ് അവാർഡ് കൊല്ലം എൻ.എസ് ഹോസ്പിറ്റൽ കരസ്ഥമാക്കി.<br><br>നിലവിൽ വായ്പ സംഘങ്ങൾക്കപ്പുറം, നിർമ്മാണകരാർ, ഉത്പന്നനിർമ്മാണം, ഭക്ഷ്യ സംസ്കരണം, പരമ്പരാഗത വ്യവസായം, ആരോഗ്യ രംഗം, വിദ്യാഭ്യാസ മേഖലകൾ, ചെറുകിട വ്യാപാരം, സോഫ്റ്റ് വെയർ വികസനം, ഐ.റ്റി സേവനങ്ങൾ |

| | | | |
|---|---|---|---|
| | | | തുടങ്ങി ഒട്ടേറേ മേഖലകളിലേക്ക് സഹകരണ മേഖല ശക്തമായി കടന്നുവന്നിട്ടുണ്ട്. |
| (ബി) | സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>സഹകരണ മേഖലയിൽ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയും, യുവാക്കളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി സർക്കാരിന്റെ ഒന്നാംഘട്ട നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ വിവിധ ജില്ലകളിലായി നിലവിൽ 32 യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി സംഘങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ അനുവദിക്കുകയും ആയത് സംഘങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം ഘട്ട 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം 14 ജില്ലകളിലുമായി 14 പട്ടിക ജാതി/പട്ടിക വർഗ്ഗ യുവ സഹകരണ സംഘങ്ങളും, മൂന്നാം 100 ദിന പദ്ധതിയിൽ ഉൾപ്പെടുത്തി 3 യുവ വനിത സഹകരണ സംഘങ്ങളും രൂപികരിച്ചിട്ടുണ്ട്.<br><br>മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുക, ഇവന്റ്മാനേജ്മെന്റ്, തേങ്ങയിൽ നിന്നും എണ്ണ ഉൾപ്പെടെയുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക, കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതിയ്ക്ക് ദോഷകരമായ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനരുപയോഗിക്കുന്നതിനാവശ്യമായ വസ്തുക്കൾ ഉണ്ടാക്കി വിപണനം നടത്തുക, അഗ്രിഗേറ്റഡ് പ്ലാറ്റ്ഫോം വഴി വിവിധ മേഖലകളിലെ തൊഴിലാളികളെ കൂട്ടിയോജിപ്പിച്ച് ടൂൾ കിറ്റ് എന്ന പേരിൽ മൊബൈൽ ആപ്ലിക്കേഷൻ വഴി തൊഴിലാളികളെ സപ്ലൈ ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുള്ള സോഫ്റ്റ് വെയർ ഡെവലപ്പ്ചെയ്ത് അതുവഴി ഐ.റ്റി മേഖലയിലെ യോഗ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുക, കമ്പ്യൂട്ടർ, ഐ.റ്റി അനുബന്ധ സമഗ്രികളുടെ വിപണനവും സർവ്വീസും, പ്രിന്റിംഗ് ആൻഡ് പബ്ലിഷിംങ്, കാറ്ററിംഗ് സർവ്വീസ്, തൊഴിൽ നൈപുണ്യമുള്ള യുവാക്കളുടെ |

| | | | |
|---|---|---|---|
| | | | തൊഴിൽ സേന രൂപീകരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇലക്ട്രോണിക് മാലിന്യങ്ങൾ, ജൈവ-അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണവും സംസ്കരണവും, ഗാർഡനിംഗ്, ടൂറിസം പദ്ധതികൾ നടപ്പിലാക്കുക, ടൂറിസം വ്യവസായത്തിന് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക അതിലൂടെ തൊഴിൽ, ഫുഡ് പ്രൊസസിംങ് യൂണിറ്റ്, ടൂറിസം മേഖലയിലെ പദ്ധതികൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ ഓൺലൈൻ വ്യാപാരം, ടൂറിസം പ്രൊമോഷൻ, ഹോംസ്റ്റേ, ട്രക്ക്സ്, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം, നിത്യോപയോഗ സാധനങ്ങളുടെ ഉൽപ്പാദനം, മറ്റ് അവശ്യ സാധനങ്ങളുടെ സംഭരണം, വിതരണം നിത്യോപയോഗ സാധനങ്ങൾ സംഘത്തിന്റെ കോൾ സെന്റർ വഴി വീട്ടുകളിൽ എത്തിച്ചു കൊടുക്കുക, ബേക്കറി സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം, നെല്ല്, ഇഞ്ചി, മഞ്ഞൾ കൃഷി, മത്സ്യ കൃഷി, വാഴ, പച്ചക്കറി കൃഷി തുടങ്ങിയവയുടെ ഉൽപ്പാദനം, വിതരണം, ലേബർ ബാങ്ക് രൂപീകരിക്കുക, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഹോളോബ്രിക്സ് യൂണിറ്റുകൾ ആരംഭിക്കുക, വിവിധതരം പച്ചക്കറികളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, മെഡിസിൻ ഡിസ്ട്രിബ്യൂഷൻ, ഡിസ്ട്രിബ്യൂഷൻ ഓഫ് ലേബർ എക്യുപ്മെന്റ്സ്, സെക്യൂരിറ്റി ജോബ് തുടങ്ങിയവ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് സിസ്റ്റം ഡിസൈൻ, ഇഞ്ചിനിയറിംഗ് സപ്ലൈ ഇൻസ്റ്റലേഷൻ ആൻഡ് മെയിന്റനൻസ്, കാർഷിക വിഭവ ശേഖരങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണന ശ്രേണിയൊരുക്കുക, ഗുണമേന്മയുള്ള വസ്തുങ്ങൾ വിപണിയിലെത്തിക്കുക, ഇവന്റ്മാനേജെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക, ഐ.റ്റി സർവ്വീസസ്, കാറ്ററിംഗ്, റസ്റ്റോറന്റ്, കാർഷികോപകരണങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാക്കി മിതമായ നിരക്കിൽ വ്യാപാരം നടത്തുക, തുടങ്ങിയ പ്രവൃത്തികളാണ് പ്രസ്തുത സംഘങ്ങളിലൂടെ ഏറ്റെടുത്ത് നടത്തുന്നതിന് ഉദ്ദേശിക്കുന്നത്.<br><br>യുവ ജനങ്ങളെയും സ്കൂൾ കുട്ടികളെയും സഹകരണ മേഖലയിലേക്ക് കൂടുതലായി ചേർത്തുനിർത്തേണ്ടത് അനിവാര്യമായ ഘടകമായതിനാൽ അടുത്ത 5 വർഷങ്ങൾക്കുള്ളിൽ 45 ലക്ഷം യുവാക്കളെ അംഗമാക്കുക എന്ന ലക്ഷ്യവുമായി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ ഉപ പദ്ധതിയാണ് നവനീതം. |
| (സി) | സൈബർ ഫിസിക്കൽ സിസ്റ്റംസ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, നെറ്റ്‌വർക്ക്സ് മുതലായ നാലാം തലമുറ | (സി) | സഹകരണ മേഖലയിൽ നൂതന ആശയങ്ങളിലൂടെ തൊഴിൽ സാധ്യത ഉറപ്പാക്കുന്നതിനും |

| | | | |
|---|---|---|---|
| | വ്യവസായങ്ങൾ, യുവാക്കളുടെ സ്റ്റാർട്ട് അപ്പ് എന്നിവ സഹകരണ സംഘങ്ങളിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | | സമൂഹത്തിന്റെയും നാടിന്റെയും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുമായി യുവാക്കളെ ഉൾപ്പെടുത്തി യുവ സഹകരണ സംഘങ്ങൾ രൂപികരിച്ചിട്ടുണ്ട്. |
| (ഡി) | നാലുവർഷം കൊണ്ട് അഞ്ചുലക്ഷത്തോളം തൊഴിലവസരങ്ങൾ സഹകരണ മേഖലയിൽ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വനിതാ സഹകരണ സംഘങ്ങളെ ഉൽപ്പാദക യൂണിറ്റുകളാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേരള സർക്കാരിന്റെ ഒന്നാം നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള കാലയളവിൽ സഹകരണ വകുപ്പ് സഹകരണ സ്ഥാപനങ്ങൾ മുഖേന 425 സ്ഥിരം തൊഴിലുകളും, 20,153 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,578 തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ടാർജെറ്റ് പൂർത്തിയായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്ത് രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 2022 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള കാലയളവിൽ സഹകരണവകുപ്പ്/ സഹകരണ സ്ഥാപനങ്ങൾ മുഖേന 500 സ്ഥിരം തൊഴിൽ സൃഷ്ടിക്കുന്നതിനും, കേരള ബാങ്ക്, സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പക്സ് ഫെഡറേഷനുകൾ, മറ്റു സഹകരണ സംഘങ്ങൾ, എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 19,500 തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു.<br><br>ടി പദ്ധതി കാലയളവിൽ 759 സ്ഥിരം തൊഴിലുകളും 34942 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 35701 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>വനിത സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോട് കൂടി ഉത്പാദന യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ